# തെങ്ങിന്റെ കീടരോഗനിയന്ത്രണം; പരിശീലനവും ശില്പശാലയും നടത്തി

Mathrubhumi 16/2/18

കാസർകോട് ▸ കൃഷിവകുപ്പിൻെറ സഹായത്തോടെ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൻെറ നേതൃത്വത്തിൽ ജില്ലയിലെ കർഷകർക്ക് പരിശീലനവും ശില്പശാലയും സംഘടിപ്പിച്ചു. തെങ്ങിൻെറ സംയോജിത കീടരോഗനിയന്ത്രണത്തെ ആസ്പദമാക്കിയുള്ള വിജ്ഞാന വ്യാപന പദ്ധതിയുടെ ഭാഗമായാണ് പരിശീലനം നടത്തിയത്.

ജില്ലാപഞ്ചായത്ത് പ്രസിഡൻറ് എ.ജി.സി.ബഷീർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഡോ. വിനായക ഹെഗ്ഡേ അധ്യക്ഷത വഹിച്ചു. തെങ്ങിൻെറ സംരക്ഷണത്തെ ആസ്പദമാക്കി കേരളത്തിലെ വിവിധ ജില്ലകളിൽ സി.പി.സി.ആർ.ഐ.യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളെക്കുറിച്ച് പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. സി.തമ്പാൻ വിശദീകരിച്ചു.

കൃഷിവകുപ്പ് നടപ്പാക്കുന്ന കേരഗ്രാമം പദ്ധതിയിലുംപ്പെടുത്തി സംഘടിപ്പിക്കുന്ന കീടരോഗനിയന്ത്രണ പദ്ധതിയെക്കുറിച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർ എസ്. ബിമൽ ഘോഷ് സംസാരിച്ചു.

തെങ്ങിൻെറ കീടരോഗനിയന്ത്രണത്തെക്കുറിച്ച് ഡോ. പി.എസ്.പ്രതിഭ ക്ലാസെടുത്തു. തുടർന്ന് നടന്ന ശില്പശാലയിൽ ഈ വർഷം കൃഷിയിടങ്ങളിൽ സംഘടിപ്പിക്കുന്ന വിജ്ഞാനവ്യാപന പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. യോഗത്തിൽ ഡോ. സി.തമ്പാൻ, ഡോ. പി.എസ്.പ്രതിഭ എന്നിവർ സംസാരിച്ചു.



▸ സി.പി.സി.ആർ.ഐ.യിൽ കർഷകർക്കായി നടത്തിയ പരിശീലനവും ശില്പശാലയും ജില്ലാപഞ്ചായത്ത് പ്രസിഡൻറ് എ.ജി.സി. ബഷീർ ഉദ്ഘാടനം ചെയ്യുന്നു